# 21-07-2022 ന് ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷനുള്ള മറുപടി

## കഴക്കൂട്ടം സിവറേജ് പദ്ധതി

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ആമയിഴഞ്ചൻതോടിന്റെ വശത്തുകൂടി സീവറേജ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനെതിരെ സ്വകാര്യ വ്യക്തികൾ തിരുവനന്തപുരം അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ O.S. 603/22, O.S. 742/22, O.D. 743/22 എന്നീ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ വാട്ടർ അതോറിറ്റിക്കൊപ്പം ബഹുമാനപ്പെട്ട അംഗവും ബന്ധപ്പെട്ട വാർഡ് കൗൺസിലറും പ്രതികളാണ്. എന്നാൽ സർക്കാരിനെയോ ജില്ലാ കളക്ടറെയോ പ്രതികളാക്കിയിട്ടില്ല. ആമയിഴഞ്ചൻ തോടിന്റെ തെക്ക് വശത്തുകൂടി സ്വീവേജ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമി കേസിലെ വാദികളുടെ ഉടമസ്ഥതയിലുള്ള സ്വകാര്യ ഭൂമിയാണെന്നും, ആയതിനാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ശാശ്വതമായി നിരോധിക്കണമെന്നുള്ളതാണ് കേസിലെ ആവശ്യം.

ഇക്കാര്യത്തിൽ തിരുവനന്തപുരം ഭൂരേഖാ തഹസിൽദാർ റവന്യൂ രേഖകളുടെ അടിസ്ഥാനത്തിൽ പ്രദേശത്ത് വിശദമായ സ്ഥലപരിശോധന നടത്തിയിരുന്നു. സ്ഥല പരിശോധനയിൽ സെറ്റിൽമെന്റും ലഭ്യമായ സ്കെച്ചും പരിശോധിച്ചതിൽ പരാതിക്കാസ്പദമായ സ്ഥലം കടകംപള്ളി വില്ലേജിൽ സർവ്വെ നമ്പർ 1441-ൽപ്പെട്ട 2.03 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ട് വരുന്നതാണ്. ഇതിനോട് ചേർന്ന സർവ്വെ നമ്പർ 1442 തോട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥല പരിശോധനയിലും സർവ്വെയിലും ടി തോട്, സർവ്വെ നമ്പർ 1441-ൽപ്പെട്ട സ്വകാര്യ ഭൂമിയിലേയ്ക്ക് കയറി, പ്രസ്തുത ഭൂഗത്ത് തോടിന്റെ വീതി കൂടിയിട്ടുള്ളതായി പരിശോധനയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇതിനെ തുടർന്ന് കേസിൽ സർക്കാരിനെ എതിർകക്ഷി ആക്കിയിട്ടില്ലെന്നും, അതിനാൽ സർക്കാർ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള കേസിൽ സർക്കാരിനെ കൂടുതലായി പ്രതി ചേർക്കാൻ അഫിഡവിറ്റ് ഫയൽ ചെയ്യേണ്ടതാണെന്നും ജില്ലാ ഗവൺമെന്റ് പ്ലീഡർ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തഹസിൽദാറുടെ പ്രാഥമിക റിപ്പോർട്ടിൽ തർക്ക സ്ഥലം സ്വകര്യ സ്ഥലമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിൽ കൂടി ഒരു സർവ്വെ ടീമിനെ അടിയന്തരമായി നിയോഗിച്ച് ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച വ്യക്തത വരുത്തി, സർക്കാർ ഭൂമിയാണെന്ന് കാണുന്ന പക്ഷം കോടതിയിൽ സത്യവാങ്മൂലം സർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.